കേരള സർക്കാർ

# രാമമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

സംസ്ഥാനഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ്ഓഫീസ്,
സിവിൽ സ്റ്റേഷൻ,എറണാകുളം
കാക്കനാട് 682030
ഫോൺ. 0484 2422271
e-mail.doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇ.കെ.എം(പി9)2045/2016

തീയതി. 7.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ,

രാമമംഗലം ഗ്രാമ പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :രാമമംഗലം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2... ഖണ്ഡികയിലേയ്ക്കും ഭാഗം 3.. ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

സംസ്ഥാനഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ്ഓഫീസ്,
സിവിൽ സ്റ്റേഷൻ,എറണാകുളം
കാക്കനാട് 682030
ഫോൺ. 0484 2422271
e-mail.doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇ.കെ.എം(പി9)2045/2016

തീയതി. 7.12.2016

## എറണാകുളംജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2015 മുതൽ 31.3.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ. ഡി.സുരേഷ് രാജു ,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയതി : | 17.11..2016 മുതൽ 24.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.ജോമോൾ എം.ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോർജ് പി.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ അനീഷ് ആർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ വിൽസൺ കെ. ജോൺ | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ്കമ്മറ്റി | 1.10.2015 | 18.10.2015 |
| | ശ്രീമതി ജെസ്സി ജോർജ് | 19.11.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ഷോബി എബ്രഹാം | 1.4.2015 | 31.10.2015 |
| | ശ്രീ സുരേഷ് കുമാർ പി.പി. | 19.11.2015 | 31.3.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി ഷീല ജേക്കബ് | 1.4.2015 | 31.10.2015 |
| | ശ്രീമതി സിന്ധു രവി | 3.12.2015 | 31.3.2016 |
| ക്ഷേമകാര്യം | ശ്രീമതി വൽസല ശശി | 1.4.2015 | 30.6.2015 |
| | | 7.7.2015 | 31.10.2015 |
| | ശ്രീ പി.എം. പൈലി | 3.12.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ ടി.എ.സുരേഷ് | 1.4.2015 | 31.10.2015 |
| | ശ്രീമതി കെ.എ.മിനി കുമാരി | 3.12.2015 | 31.3.2016 |

| | | | |
|---|---|---|---|
| | ശ്രീ കെ.ജി.ശ്രീകുമാർ | 1.4.2015 | 20.7.2015 |
| | ശ്രീമതി അനിമോൾ കെ. | 21.7.2015 | 5.1.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ പ്രസാദ് കെ.ആർ.(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 5.1.2016 | 21.1.2016 |
| | ശ്രീ ജയന്തകുമാർ എ.പി. | 22.1.2016 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സി.ആന്റണി | 1.4.2015 | 19.8.2015 |
| | ശ്രീ പ്രസാദ് കെ.ആർ | 20.8.2015 | 31.3.2016 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ ഫിലിപ്പ് വർഗ്ഗീസ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) | ഡോ.കമൽജിത്ത് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സ്മിത എസ്. | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സൂസൻ മത്തായി ആലുങ്കൽ | 1.4.2015 | 31.3.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മണി ഒ.എൻ. | 1.4.2015 | 31.12.2015 |
| | ശ്രീമതി സിന്ദു പോൾ | 1.1.2016 | 27.3.2016 |
| | ശ്രീമതി അഞ്ചു കൃഷ്ണ | 28.3.2016 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (രാമമംഗലം) | ശ്രീ പി.എസ്.അനിൽ | 1.4.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഊരമന) | ശ്രീ എം.പി.അഭിലാഷ് | 1.4.2015 | 31.3.2016 |
| ഹെഡ് മാസ്റ്റർ GLPS | ശ്രീ പി.സി.രവി | 1.4.2015 | 31.3.2016 |
| വെറ്റിനറി സർജൻ | ഡോ.ബോബിപോൾ | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ കെ.കെ. സുധാകരൻ | 1.4.2015 | 31.3.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജെയിംസ് ജോസഫ് | 1.4.2015 | 31.3.2016 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ച തുക | 1-12 | |
| | ഭാഗം 2 | | |
| 1 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് | 2-1 | |
| 2 | തനത് വരുമാനത്തിൽ കുറവ്. | 2-2 | |
| 3 | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകക്ക് നൽകുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 | |
| | ഭാഗം- 3 | | |
| 1 | ആദായ നികുതി (ടി.ഡി.എസ്) ഈടാക്കിയിട്ടില്ല | 3-1 | |
| 2 | പെൻഷൻ കോൺട്രിബ്യൂഷൻ അധികം അടവാക്കി | 3-2 | |
| 3 | സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-3 | |
| 4 | എസ്.സി.ഭവന പുനരുദ്ധാരണം - | 3-4 | |

| | | | |
|---|---|---|---|
| | അപാകതകൾ | | |
| 5 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-5 | |
| 6 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അപാകതകൾ | 3-6 | |
| 7 | ബഡ്സ്സ് സ്കൂൾ വർക്കർക്ക് അധിക ഹോണറേറിയം നൽകി - | 3-7 | |
| 8 | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ – മരുന്നുകൾ ലഭിച്ചില്ല | 3-8 | |
| 9 | ഉപയോഗിക്കാത്ത കമ്പിക്ക് തുക നൽകി | 3-9 | |
| 10 | ഡ്രൈറബിൾ പായ്ക്കിംഗിന് അധിക നിരക്ക് നൽകി. | 3-10 | |
| 11 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 3-11 | |
| 12 | മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 3-12 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.3.2015ലും, പുതുക്കിയ ബജറ്റ് 4.3.2016 അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 89688500 | 85539659 |
| വാർഷിക കണ ക്കുകൾ പ്രകാരം | 31011266 | 44791702 |
| വ്യത്യാസം | 58677234 | 40747957 |

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം - / (+) |
|---|---|---|---|
| വസ്തു നികുതി | 3000000 | 1438298 | - 1561702 |
| തൊഴിൽ നികുതി | 950000 | 928740 | - 21260 |
| വാടക | 35000 | 56130 | 21130 |
| പരസ്യം | 50000 | - | - 50000 |
| ഡി.& ഒ.ലൈസൻസ് ഫീസ് | 65000 | 72800 | 7800 |
| വിനോദ നികുതി (പ്രദർശന നികുതി) | - | - | - |
| പെർമിറ്റ് ഫീസ് | 100000 | 75622 | 24378 |
| സേവന നികുതി | - | - | - |
| ലേലങ്ങൾ (മണൽ വിൽപന) | 4000000 | 3655050 | - 344950 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും, ഡിമാന്റും തമ്മിൽ അന്തരമുണ്ട്.

വസ്തുനികുതിയുടെ പ്രതീക്ഷിത വരവും ഡിമാന്റും തമ്മിൽ 52.06% - വ്യത്യാസമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പരസ്യ നികുതി ബജറ്റിലുൾപ്പെടുത്തിയെങ്കിലും വരവൊന്നുമില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 19.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 23.11.2016 | - |

വാർഷിക കണക്കുകളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) വസ്തുനികുതി (കുടിശ്ശിക)യായി അക്കൗണ്ട്സിൽ ചേർത്തിരിക്കുന്നത് 359114/- എന്നാണ്. എന്നാൽ യഥാർഥത്തിൽ 329832/- രൂപയാണ്. മുൻവർഷത്തെ ധനകാര്യപത്രിക പ്രകാരവും തൻവർഷത്തെ കണക്കുകളും താരതമ്യപ്പെടുത്തി കണക്ക് തയ്യാറാക്കേണ്ടതാണ്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15445167 |
| വരവ് | 31011266 |
| ആകെ | 46456433 |
| ചെലവ് | 44791702 |
| നീക്കിയിരിപ്പ് | 1664731 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 906255 |

| | |
|---|---|
| തൊഴിൽ നികുതി | 1250 |

പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക(*) | ആകെ | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 969904 | 5998326 | 9696305 | 5295446 | 2728075 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 1538194 | 4618106 | 6156300 | 3051975 | - 958106 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 17000 | 17000 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6110582 | 14244000 | 20354582 | 16298009 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 223447 | 2320000 | 2543447 | 1655925 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1724220 | 2452645 + 1083834 | 5260699 | 3864437 | - 1083834 | 0 |
| ലോക ബാങ്ക് സഹായം | 1695144 | 686135 | 2381279 | 1682518 | - 686135 | 0 |

**(*)** ബജറ്റ് അലോക്കേഷനായി ലഭിച്ച തുകയാണ് വരവായി എടുത്തിട്ടുള്ളത്. പൊതു വിഭാഗം ഫണ്ടിൽ 641326/- രൂപ (5357000 + 641326) ബജറ്റ് അലോക്കേഷനിൽ കൂടുതൽ ലഭിച്ച തുകയാണ്. ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ ബജറ്റ് അലോക്കേഷനേക്കാൾ 272355/- രൂപ (2725000- 2452645 ) കുറവ് തുകയാണ് ലഭിച്ചത്. ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകകൾ വരവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 6326904 | 5295446 | 83.70 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 5189194 | 3042975 | 58.64 |

| | | | | |
|---|---|---|---|---|
| | വികസന ഫണ്ട്(ടി.എസ്.പി) | 17000 | 0 | 0 |
| 3 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 20354582 | 16298009 | 80.07 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2543447 | 1655925 | 65.10 |
| 5 | ലോക ബാങ്ക് സഹായം | 1695144 | 1682518 | 99.25 |

ചെലവഴിക്കാതെ പോയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | ചെലവഴിക്കാതെ പോയ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 1672784 |
| വികസന ഫണ്ട്(എസ്.സി.പി) | 2146219 |
| വികസന ഫണ്ട്(ടി.എസ്.പി) | 17000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 4056573 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 887522 |
| ലോക ബാങ്ക് സഹായം | 12626 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 312428 |
| ആകെ | 9105152 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരംലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 164 | 68067463 | 110 | 33566758 | 35 | 15 | 67 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 14 | 5939256 | 3345521 | 56.3 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 1500537 | 1251820 | 83.4 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 50 | 43306688 | 20350698 | 46.9 |
| കൃഷി ഓഫീസർ | 10 | 8 | 7504724 | 2744400 | 36.5 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 3 | 450945 | 368987 | 81.8 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 8 | 2255437 | 1659549 | 73.5 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (രാമമംഗലം) | 8 | 6 | 2320375 | 1027767 | 44.3 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഊരമന) | 3 | 3 | 1327500 | 632233 | 47.6 |
| ഹെഡ് മാസ്റ്റർ, GLPS | 9 | 6 | 1000001 | 610783 | 61.07 |
| വെറ്ററിനറി സർജൻ | 5 | 2 | 1262000 | 375000 | 29.7 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 500000 | 100 |
| ആകെ | 164 | 110 | 68067463 | 33566758 | 49.31 |

അടങ്കൽ തുകയുടെ 49.02 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഏറ്റെടുക്കുന്ന പ്രൊജക്ടുകൾ സമയ ബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 15 പ്രൊജക്ടുകൾ പഞ്ചായത്തിന് നടപ്പിലാക്കാൻ കഴിഞ്ഞില്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നുറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ പഞ്ചായത്തിന് 2015-16സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 58.23 ശതമാനം കുറവുണ്ടായിട്ടുണ്ട് .

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2805717 | 2016800 | - 788917 | - 28.12 |
| നികുതിയേതര വരവുകൾ | 3735707 | 695655 | - 3040052 | - 81.38 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 94382 | 59120 | - 35262 | 37.36 |
| ആകെ | 6635806 | 2771575 | - 3864231 | -58.23 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 103800 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 3406610 | 399 |
| വിധവാപെൻ ഷൻ | 4735640 | 445 |
| വാർദ്ധക്യകാല പെൻഷൻ | 5247780 | 626 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 435000 | 43 |
| ശാരീരികവുംമാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള് പെൻഷൻ | 1542535 | 154 |

ക്ഷേമ പെൻഷൻ പദ്ധതികൾക്ക് RTGS / EFMS വഴി 15366465/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29101/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജ്ജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2016 | 10/2016 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.1.2016മുതൽ 8.2.2016 വരെ | 2010-11മുതൽ 2014-15 വരെ | 17.3.2016 |

## 1-12 ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ച തുക

വസ്തുനികുതിയിനത്തിൽ അസസ്സ് ചെയ്തതിൽ കുറവ് വന്ന തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1935/- രസീത് നം. 11602500014/ 23.11.2016 പ്രകാരം അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിൽ അധികം തറവിസ്തീർണ്ണമുള്ള ( plinth area) പുതിയ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കാനാണ് രാമമംഗലം ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചിരിക്കുന്നത് എന്നാൽ, 2015-16 സാമ്പത്തിക വർഷത്തിൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിലാണ് ഗ്രാമ പഞ്ചായത്ത് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട ഉടമ. | കെട്ടിട നം | തറ വിസ്തീർണ്ണം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി/രസീത് നം./തീയതി | കുറവ് |
|---|---|---|---|---|---|---|
| 1 | സാജു എൻ യു | XIII/303B | 126.77 | 7987 | 4793 1160210072/ 05-07-15 | 3194 |
| | ആകെ | | | | | 3194 |

വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുകയായ 3194/- രൂപ കെട്ടിടയുടമയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 തനത് വരുമാനത്തിൽ കറവ്.

തനത് വരുമാനം താരതമ്യന കുറഞ്ഞ പഞ്ചായത്താണ്. നികുതിയേതര വരുമാനത്തിൽ ഏറ്റവും കൂടുതൽ തുക ലഭിച്ചിരുന്നത് മണൽ വിൽപ്പനയിലൂടെയായിരുന്നു. 2014-15 വർഷത്തിൽ 3295122 /- രൂപ ലഭിച്ചപ്പോൾ 2015-16 വർഷത്തിൽ 387502/- രൂപ മാത്രമാണ് ലഭിച്ചത്. ബജറ്റ് പ്രകാരം മണൽവിൽപ്പനയിലൂടെ 4000000/- രൂപയുടെ വരവാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ മണൽ വിപണനത്തിൽ സർക്കാർ നയത്തിന്റെ ഭാഗമായി വന്ന മാറ്റവും മണലെടുക്കുന്നതുമായി വന്ന കാരണങ്ങളും പഞ്ചായത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തനതു വരുമാനം

വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുവദിച്ചിട്ടുള്ള എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തേണ്ടതാണ് (ഉദാ. പരസ്യ നികുതി).

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകക്ക് നൽകുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

രാമമംഗലം ഗ്രാമ പഞ്ചായത്തിന്റെ പ്രൈവറ്റ് ബസ്സ്റ്റാൻഡിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ താഴത്തെ നിലയിലെ നാല് മുറികൾ മാത്രമാണ് വാടകക്ക് നല്കിയിരിക്കുന്നത്. 2015-16 സാമ്പത്തീക വർഷത്തിൽ താഴത്തെ നിലയിലെ ഒരു മുറിയും രണ്ടാം നിലയിലെ മുറികൾ പൂർണ്ണമായും ഒഴിഞ്ഞ് കിടക്കുന്നത് പഞ്ചായത്തിന്റെ വരുമാനത്തിൽ നഷ്ടമുണ്ടാക്കുന്നുണ്ട്. കൂടാതെ, വൈദ്യുതി ചാർജ്ജിനത്തിൽ 452/- രൂപ വീതം ( കൺസ്യൂമർ നം. 8163, 8166, 8167) ഓരോ മാസവും ചെലവാക്കേണ്ടിവരുന്നത് പഞ്ചായത്തിന് നഷ്ടമാണ്. മുറികളിൽ നിന്നും വരുമാന ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആദായ നികുതി (ടി.ഡി.എസ്) ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി ലൈറ്റ് & സൗണ്ട് സിസ്റ്റം പ്രവർത്തിപ്പിച്ചതിന് മെട്രോലൈറ്റ് & സൗണ്ട്സ് എന്ന സ്ഥാപനത്തിന് 66600/-രൂപ (45200/-ചെക്ക് നമ്പർ 761837/8.5.15, 21400/-ചെക്ക് നമ്പർ 50959/31.10.15) നൽകിയിട്ടുണ്ട്. എന്നാൽ ഈസ്ഥാപനത്തിൽ നിന്നും ആദായ നികുതി വകുപ്പ് 194 ( സി) പ്രകാരം 2% ടി.ഡി.എസ് തുകയായ 1332/- രൂപ ഈടാക്കിയിട്ടില്ല ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 പെൻഷൻ കോൺട്രിബ്യൂഷൻ അധികം അടവാക്കി

9/2015 ലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക യായ 17888രൂപ ചെക്ക് നമ്പർ 9219733തിയതി 13.11.16 ലും 1/2016 ലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക യായ 32691രൂപ ചെക്ക് നമ്പർ 1650568തിയതി 18.3.16 ലും അടവാക്കിയിട്ടുണ്ട്. എന്നാൽ സെപ്റ്റംബർ മാസം 2ാം തിയതിയും 2016 മാസം 12ാം തിയതിയും ഡയസ് നോൺ ആയിരുന്നു. എന്നാൽ ഈ ജിവസത്തെ ശമ്പളം കുറവ് ചെയ്യാതെയാണ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കിയത്. ആയതു പ്രകാരം താഴെ പറയുന്ന നഷ്ടം വന്നിട്ടുണ്ട്.

9/2015

| ജീവനക്കാരുടെ പേര് / തസ്തിക / അടിസ്ഥാന | ഡയസ് നോൺ തുക | ഡയസ് നോൺ തുക കുറവ് ചെയ്ത | അടവാക്കിയ തുക | അടവാക്കേണ്ട തുക | അധികം അടവാക്കിയ |
|---|---|---|---|---|---|

| ശമ്പളം | | അടിസ്ഥാന ശമ്പളം | | | തുക |
|---|---|---|---|---|---|
| അനിമോൾ.കെ സെക്രട്ടറി 22360 | 745 | 21615 | 22360 X 15 %= 3354 | 21615 X 15% = 3242 | 112 |
| പ്രസാദ്.കെ.ആർ അസി.സെക്രട്ടറി 21240 | 708 | 20532 | 21240 X 15%= 3186 | 20352X15%=3079 | 107 |
| ഷാജി.ടി എച്ച്.സി 16980 | 566 | 16414 | 16980 X 15 %= 2547 | 16414 X 15%= 2462 | 85 |
| ഷീജ.ടി.ആർ അക്കൗണ്ടന്റ് 16180 | 539 | 15641 | 16180 X 15 % = 2427 | 15641 X 15 %= 2346 | 81 |
| ജയശ്രീ.കെ.കെ. സീനി.ക്ലർക്ക് 15380 | 513 | 14367 | 15380 X 15 % = 2307 | 14367 X 15 % = 2155 | 152 |
| ഓസ് വാൾഡ് സീനി.ക്ലർക്ക് 13210 | 440 | 12770 | 13210X15% = 1982 | 12770X15%=1915 | 67 |
| രതീഷ് തങ്കപ്പൻ സീനി.ക്ലർക്ക് 13900 | 463 | 13437 | 13900X15%= 2085 | 13437X15% = 2015 | 70 |
| ഓമന.കെ.എൻ പി.ടി.എസ് 5400 | 180 | 5220 | 5400 X 15 % = 810 | 5220X15%= 783 | 27 |
| ആകെ | | | | | 701 |

1/2016

| ജീവനക്കാരുടെ പേര് / തസ്തിക / അടിസ്ഥാന ശമ്പളം | ഡയസ് നോൺ തുക | ഡയസ് നോൺ തുക കുറവ് ചെയ്ത അടിസ്ഥാന ശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | അധികം അടവാക്കിയ തുക |
|---|---|---|---|---|---|
| പ്രസാദ്.കെ.ആർ അസി.സെക്രട്ടറി 43600 | 1406 | 42194 | 43600 X 15%= 6540 | 42194X15%= 6329 | 211 |

| | | | | | |
|---|---|---|---|---|---|
| ഷാജി.ടി<br>എച്ച്.സി<br>33900 | 1093 | 32806 | 33900 X 15 %= 5085 | 32806 X 15%= 4920 | 165 |
| ഷീജ.ടി.ആർ<br>അക്കൗണ്ടന്റ്<br>32300 | 1041 | 31258 | 32300 x15 % = 4845 | 31258X 15 %= 4688 | 157 |
| ജയശ്രീ.കെ.കെ.<br>സീനി.ക്ലർക്ക്<br>30700 | 990 | 29710 | 30700X 15 % = 4605 | 29710 X 15 % = 4457 | 148 |
| ഓസ് വാൾഡ്<br>സീനി.ക്ലർക്ക്<br>25200 | 812 | 24388 | 25200X15% = 3780 | 24388x15%= 3658 | 122 |
| ആകെ | | | | | 803 |

ഈ അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കിയില്ല. 1510/- രൂപ ക്രമീകരിച്ചു കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

സെക്രട്ടറി 2015-16 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ താഴെ കൊടുക്കുന്നു

| പ്രോജക്ടിന്റെ പേര്/നം | തുക/ചെലവ് വിവരങ്ങൾ | അപാകതകൾ |
|---|---|---|
| മീഡിയാശ്രീ (എസ് 00/16) | 65000/- രൂപ ബിൽ നം. 26/25.2.16 | തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ലഭ്യമാക്കിയത് തെളിയിക്കുന്ന രേഖകൾ ഇല്ല. പഞ്ചായത്തിനെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കുന്ന തിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത് എന്നാൽ നാളിതുവരെ ആയത് പഞ്ചായത്തിൽ ലഭ്യമാക്കിയി ട്ടില്ല. |
| ചെട്ടിക്കണ്ടം നീർത്തട പ്രോജക്ടി നായി വിഹിതം നൽകൽ എസ്.0149/16 | 299500/- രൂപ (ബിൽ നം. 33/31.3.16-247875, 34/31.3.16-51625) | പഞ്ചായത്തിന്റെ വിഹിതമായ 299500/- രൂപ പാമ്പാക്കട കൃഷി ഓഫീസർക്ക് കൈമാറിയിട്ടുണ്ട് .എന്നാൽ പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. |

| | | |
|---|---|---|
| ഐ.എ.വൈ. വിഹിതം എസ്. 0182/16 | 650000/- (ബിൽ നം. 35/31.3.16) | ധനവിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| ആകെ | 964500 | |

മേൽ കാരണങ്ങളാൽ 964500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.സി.ഭവന പുനരുദ്ധാരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.സി .വീട് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | 76/2015-16 |
| ചെലവ് വിവരം | 25000/- ബിൽനമ്പർ - 15/2015-16 തിയതി 10.3.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

താഴെ പറയുന്ന ഗുണഭോക്താവിന് എസ്.സി. വീട് പുനരുദ്ധാരണം എന്ന പ്രോജക്ട് പ്രകാരം വീട് പുനരുദ്ധാരണം നടത്തിയതിന് 25000/-രൂപ നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് / വിലാസം | തുക | ഡി.ഡി.നമ്പർ / തിയതി |
|---|---|---|
| ശ്രീമതി.ലക്ഷമിഉണ്ണി ഈട്ടുപുറത്ത് കിഴമുറി,രാമമംഗലം | 25000/- | 576113/14.3.16 |

അപാകതകൾ

1- സർക്കാർ ഉത്തരവ് (എം.എസ്) 362/2013 തിയതി 16.11.13 ലെ ഉത്തരവ് പ്രകാരം സർക്കാർ ധന സഹായത്തോടെ ഒരു വീട് നിർമ്മിച്ചുകഴിഞ്ഞാൽ 8 വർഷത്തിനുശേഷം മാത്രമേ വീട് റിപ്പയർ / പുനരുദ്ധാരണം എന്നിവയ്ക്ക് ധന സഹായം നൽകാൻ പാടുള്ളൂ. മേൽ പറഞ്ഞ 8 വർഷത്തിനുശേഷം ധന സഹായം നൽകണമെങ്കിൽ വീട് റിപ്പയർ / പുനരുദ്ധാരണം അനിവാര്യമാണെന്ന് സെക്രട്ടറിയിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങണം.

2- മേൽ പറഞ്ഞ ഗുണഭോക്താവായ ശ്രീമതി.ലക്ഷ്മി ഉണ്ണി, ഈട്ടുപുറത്ത്, കിഴമുറി, രാമമംഗലം എന്നയാൾക്ക് 2006-07 സാമ്പത്തിക വർഷത്തിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വീട് നിർമ്മാണത്തിന് സാമ്പത്തികസഹായം ലഭിച്ചിട്ടുള്ളതും 2008 ൽ പണി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഈ അപാകതകൾക്കും, വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ

## അപാകതകൾ

സ്കൂൾ വിദ്യാർഥികൾക്ക് സ്പോർട്സ് പരിശീലനം (എസ് 0117/16) എന്ന പ്രോജക്ടിനായി 174783/- രൂപ (ബിൽ നം.1/30.9.2015) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു

1.16.11.2013-ലെസ.ഉ.(അ)362/2013/ ത.സ്വ.ഭ.വ പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ കായിക പരിശീലനത്തിനായി തുക ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിട്ടില്ല.മാർഗരേഖയിൽ നിർദ്ദേശിക്കാത്ത ഇനങ്ങൾക്കായി തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

2.തൻവർഷം ഈ പ്രോജക്ടിനായി നടത്തിയ വിവിധയിനം ചെലവുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക/ ഡി.ഡി.നം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| ഭക്ഷണ ചെലവ് | 75330/- 574147/1.10.2015 | കെ.കെ. കാറ്ററിംഗ് സർവ്വീസ് |
| ലൈറ്റ് ആൻഡ് സൌണ്ട് | 19000/- 574146/1.10.2015 | മെട്രോ ലൈറ്റ് ആൻഡ് സൌണ്ട് |
| ജേഴ്സി , സ്പോർട്സ് ഐറ്റംസ് | 80453/- 574145/1.10.2015 | ഇവ സ്പോർട്സ് തൃപ്പൂണിത്തുറ |

എന്നാൽ മേൽ ചെലവുകളുടെ വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം14) മറുപടി ഹാജരാക്കിയില്ല. ചെലവുരേഖകളുടെ അഭാവത്തിൽ 174783/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 106/2015-16 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - |
| ചെലവ്തുക | 453000/- |
| ചെലവ് വിവരം | ബിൽനമ്പർ 20 /2015 തിയതി 28.3.16 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ടോം ബേബി എന്ന വ്യക്തിക്ക് ഗുണഭോക്താക്കൾക്ക് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം എന്ന പ്രോജക്ട് പ്രകാരം 8600/-

രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

അപാകതകൾ

9/2015 മുതലാണ് ടോം ബേബി, തടത്തിപ്പറമ്പിൽ, രാമമംഗലം, എന്നയാൾ ഐ.ടി.സി കോഴ്സ് തുടങ്ങിയത്. ആയതിനാൽ 9/2015 മുതലാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇയാൾക്ക് 4/2015 മുതൽ സ്കോളർഷിപ്പ് അനുവദിച്ചുനൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പഠനം ആരംഭിക്കുന്ന കാലയളവ് മുതൽ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 ബഡ്സ്സ് സ്കൂൾ വർക്കർക്ക് അധിക ഓണറേറിയം നൽകി -

| | |
|---|---|
| പ്രോജക്ട് നമ്പർ | S0106/16 |
| പ്രോജക്ടിന്റെ പേര് | ബഡ്സ്സ് സ്കൂൾ ജീനവനക്കാർക്ക് ഹോണറേറിയം |
| ചെലവ്തുക | 127000/- |
| ചെലവ് വിവരം | ബിൽനമ്പർ 7 /2015 തിയതി14.8.15<br>ബിൽനമ്പർ 9/2015 തിയതി 21.8.15<br>ബിൽനമ്പർ 11/2015 തിയതി 21.9.15<br>ബിൽനമ്പർ 17/2015 തിയതി 3.12.15<br>ബിൽനമ്പർ 11/2015 തിയതി 23.3.16 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ വർക്കർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രുതി മോൾ.എം.എം -ന് 4/2015 മുതൽ 3/2016 വരെ 12 മാസം ജോലി ചെയ്തതിന് പ്രതിമാസം 7000/- രൂപ പ്രകാരം 84000/- രൂപ ഹോണറേറിയമിനത്തിൽ നൽകിയിട്ടുണ്ട്. അപാകതകൾ താഴെ കൊടുക്കുന്നു.

അപാകതകൾ

1- 16.11.2013 ലെ ജി.ഒ.(പി) 362/2013 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ നടത്തുന്ന ബഡ്സ് സ്കൂളുകളിൽ അസിസ്റ്റന്റ് ടീച്ചർ/ടീച്ചർ/ഹെൽപ്പർ തസ്തികൾ മാത്രമാണുള്ളത്. വർക്കർ എന്ന പേരിൽ തസ്തികയില്ല.

2- മേൽ ഉത്തരവ് പ്രകാരം ഹെൽപ്പർ തസ്തികക്ക് 3600/- രൂപ നിരക്കിൽ പ്രതിമാസ ഹോണറേറിയമാണ് അനുവദിച്ചിരിക്കുന്നത് .

3- ഡിഗ്രി / ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യുക്കേഷൻ /പ്ലസ് ടു & ഡി.എസ്.സി(എം.ആർ) ഡിപ്ലാമ ഉള്ളവരെ പ്രതിമാസം 7000/-രൂപ നിരക്കിൽ അസിസ്റ്റന്റ് ടീച്ചർ തസ്തികയിൽ നിയമിക്കാം എന്നാൽ ഗ്രാമ പഞ്ചാത്തിന്റെ 28.4.15 ലെ

×vാംനമ്പർ തീരുമാന പ്രകാരം ൽ 4.4.15 നിയമിതയായ ശ്രുതി മോൾ.എം.എം എന്നയാൾക്ക് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതകൾ ഇല്ല. ടിയാരിക്ക് ബി.എസ്.സി (ഫിസിക്സ് ) ഡിഗ്രി മാത്രമാണുള്ളത്.

4- മേൽ ഉത്തരവിൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഇല്ലാത്തവരെ 5600/- പ്രതിമാസ ഹോണറേറിയത്തിൽ ടീച്ചറായി നിയമിക്കാം എന്നാൽ 5 വർഷത്തിനുള്ളിൽ നിശ്ചിത യോഗ്യത നേടിയിരിക്കണം. ആയതുപ്രകാരം ശ്രുതി മോൾ.എം.എം എന്നയാൾക്ക് അനുവദനീയമായ പ്രതിമാസ ഹോണറേറിയം താഴെ കൊടുക്കുന്നു.

| പ്രതിമാസം 7000/-രൂപ നിരക്കിൽ 12മാസം നൽകിയ ഹോണറേറിയം | പ്രതിമാസം 5600-രൂപ നിരക്കിൽ 12മാസം നൽകേണ്ട ഹോണറേറിയം | അധികം നൽകിയ ഹോണറേറിയം |
|---|---|---|
| 12 X 7000 = 84000 | 12 X 5600 = 67200 | 16800 |
| ആകെ | | 16800 |

ഈ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഈ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-8 <u>ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ (എസ്0035/16)-മരുന്നുകൾ ലഭിച്ചിട്ടില്ല</u>

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2,00,000/-(ബിൽ നം.1/29.12.15) പ്രകാരം ഹോംകോക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുകയായ 2,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 <u>ഉപയോഗിക്കാത്ത കമ്പിക്ക് തുക നൽകി</u>

ശിവലി പാടം പൊതുകുളം സംരക്ഷണം എന്ന പ്രൊജക്ടിൽ എസ്റ്റിമേറ്റ് ഇനം 3 പ്രകാരം റീട്ടെയിനിംഗ് വാളിന്റെ മുകൾഭാഗത്ത് 1:2:4 അനുപാതത്തിൽ 45മീറ്റർ നീളത്തിലും 1.80 വീതിയിലും 0.15കനത്തിലും റീ ഇൻഫോർസ്ഡ് സിമന്റ് കോൺക്രീറ്റിംഗ് പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇനം 4 പ്രകാരം ഈ പ്രവൃത്തിക്ക് 1400 കി.ഗ്രാം.(14 qtl.) കമ്പിയാണ് വേണ്ടിയിരുന്നത്. കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം ഈ പ്രവൃത്തിക്ക് ആകെ 278.600 കി.ഗ്രാം.സ്റ്റീൽ മാത്രമാണ് വാങ്ങിയതും

ഉപയോഗിച്ചതും. 278.600 കി.ഗ്രാം.സ്റ്റീലിന്റെ വിലയായി 17236/- രൂപ ചീരത്ത് സ്റ്റീൽസിന് നൽകിയിട്ടുണ്ട് (ബിൽ ഹാജരാക്കിയിട്ടുണ്ട്). കൺവീനറുടെ ആകെ കണക്കുകളിലും സ്റ്റീലിന്റെ വിലയായി 17236/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഉപയോഗിച്ച സ്റ്റീലിന്റെ അളവ് കണക്കിലെടുക്കാതെ അളവ് പുസ്തകം ഇനം 4 പ്രകാരം ഈ പ്രവൃത്തിക്ക് 62060.72 രൂപ (979.03 kg x 6339/qtl.) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | S0050/16 ശിവലി പാടം പൊതുകുളം സംരക്ഷണം |
| കൺവീനറുടെ പേര് | ശ്രീ ടി.എസ്.ദേവദാസ് |
| അളവ് പുസ്തകം | 34/RMGL/14-15 |
| ഡി.ഡി.നം. | 573134/ 26.6.2015 = 560557/- |
| അളവ് പുസ്തകം ഇനം 4 പ്രകാരം നൽകിയ തുക | 979.03 kg x 6339/qtl = 62060.72 |
| നൽകാവുന്ന തുക | 278.600 kg x 6339 /qtl. = 17660.45 |
| അധികം നൽകിയത് | 44400/- (62060.72 - 17660.45) |

കുറഞ്ഞ അളവിൽ സ്റ്റീൽ ഉപയോഗിച്ചത് ഈ പ്രവൃത്തിയുടെ ഗുണമേന്മയേയും ബാധിച്ചിട്ടുണ്ടാകാം. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കൺവീനറുടെ അജ്ഞത മൂലവും തിരക്ക് മൂലം ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല എന്നാണറിയിച്ചത്. ഇതു മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 ഡ്രൈറബിൾ പായ്ക്കിംഗിന് അധിക നിരക്ക് നൽകി.

പുത്തൻപുരക്കകുടി തുണ്ണൽ താഴം റോഡ് ടാറിംഗ് (പ്രൊജക്ട് നം.S0044/16) പ്രവൃത്തിയിലെ അപ്പന്റിക്സ് ബി ഇനം 2 പ്രകാരം റാമ്പിനു വേണ്ടി dry rubble packing including cost and conveyance , labour charge etc. പ്രകാരം 36.5മീറ്റർ നീളത്തിലും 3.00 മീറ്റർ വീതിയിലും 0.25 സെ.മീ. കനത്തിലും റബിൾ പായ്ക്ക് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇതിനു മുകളിൽ 1:4:8 അനുപാതത്തിൽ 40 mm broken stone ഉപയോഗിച്ചും അനുപാതത്തിലും 1:2:4 12 mm broken stone ഉപയോഗിച്ചും കോൺക്രീറ്റിംഗ് പ്രവൃത്തിയുമാണ് ചെയ്തിട്ടുള്ളത്. അളവ് പുസ്തകം പ്രകാരം 27.40 m3 ചെയ്തതിന് 2006/m3 നിരക്കിൽ 54964.40 രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1). ചീഫ് എഞ്ചിനീയറുടെ 16.10.2012 ഡി.ബി.4-7462/2012/ സി.ഇ./ത.സ്വ.ഭ.വ. കത്ത് പ്രകാരം റോഡ് പ്രവൃത്തികളിൽ റബിൾ പായ്ക്ക് ചെയ്ത് അതിനു മുകളിൽ കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തി സഞ്ചാരയോഗ്യമാക്കുമ്പോൾ വലിയ ഭാരവാഹനങ്ങൾ പോകുമ്പോൾ പായ്ക്കിംഗ് ഇളകാനും തുടർന്ന് റോഡ് പൊട്ടിപോകാനും ഇടയാകുന്നതിനാലും IRC

സ്പെസിഫിക്കേഷന് വിരുദ്ധമായതിനാലും ഇത്തരം പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാതെ ഇത്തരം പ്രവൃത്തി നടത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2).റോഡിൽ ഡ്രൈറബിൾ പായ്ക്ക് ചെയ്തതിന് അധിക നിരക്ക് നൽകി.

റോഡിൽ ഡ്രൈറബിൾ പായ്ക്ക് ചെയ്തതിന് Rough stone dry packing for aprons and revetments എന്ന ഇനത്തിന്റെ നിരക്ക് നൽകിയതു വഴി അധിക ചെലവ് വന്നിട്ടുണ്ട്. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച നിരക്ക് താഴെ കൊടുക്കുന്നു.

| | item | rate | | amount |
|---|---|---|---|---|
| 1m3 | blasted rubble | 420 | m3 | 420 |
| 1m3 | conveyance | 582 | m3 | 582 |
| 0.70 | man | 377 | E | 263.90 |
| 0.70 | women | 377 | E | 263.90 |
| | | | total | 1529.80 |
| | | | Cp + OH | 229.47 |
| | | total | 1759.27<br>I.e= 1759/- | |

| | |
|---|---|
| പ്രൊജക്ട് നം. പേര് | S0044/16, പുത്തൻപുരക്കകുടി തുണ്ണൽ താഴം റോഡ് ടാറിംഗ് |
| കരാറുകാരന്റെ പേര് | സാജു പോൾ |
| അളവു പുസ്തകം | 42/RMGL/ 14-15 |
| ചെലവ് തുക | 573318/ 21.7.2015 = 421522 |
| Appendix B item 2 | Dry rubble packing including cost conveyance labour charges etc. |
| നൽകിയ തുക | 27.40m3 x 2006/m3 = 54964.4 |
| നൽകാവുന്ന തുക | 27.40m3 x 1759 m3 = 48197 |
| അധികം നൽകിയത് | 6767/- ( 54964 - 48197 ) |

ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുവദിച്ച നിരക്കാണ് നൽകിയെന്നാണ് അറിയിച്ചത്. ഇത് സ്വീകാര്യമായ മറുപടിയല്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-11 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മുഴുവൻ പ്രവൃത്തികൾക്കും വേണ്ട ഇനങ്ങൾ ഉൾപ്പെടുത്താതെ പണി നടത്തിയിട്ടുണ്ട്. റോഡ് പ്രവൃത്തികളിൽ മെറ്റലിംഗ് മാത്രം ഉൾപ്പടുത്തി മൂന്ന് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പട്ടരുമഠത്തിൽ താഴം കനാൽ ബണ്ട് റോഡ് മെറ്റലിംഗ് (പ്രൊജക്ട് നം.S0041/16), കൈലോലി പി.എച്ച് സബ് സെന്റർ പതപ്പ പുഞ്ച റോഡ് മെറ്റലിംഗ്, നിർമ്മല ഗിരി തെക്കേലിക്കുഴി റോഡ് മെറ്റലിംഗ് (S0043/16) എന്നിവയാണിത്. ഒരു പ്രൊജക്ട് തയ്യാറാക്കുമ്പോൾ മുഴുവൻ പ്രവൃത്തികളും ഉൾപ്പടുത്തി ചെയ്യാവുന്ന രീതിയിൽ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകളുണ്ട്.

1) ടാറിംഗ് റീടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ മിക്ക ഫയലുകളിലും പരിശോധനക്ക് ഹാജരാക്കിയില്ല (ചില ഫയലുകളിൽ മാത്രമാണ് ബില്ലുള്ളത്.) . എസ്റ്റിമേറ്റിൽ ബിറ്റുമിൻVG10 /VG30 യാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ VG10/ VG30 ബിറ്റുമിൻ തന്നെയാണോ പ്രവൃത്തികളിൽ ഉപയോഗിച്ചതെന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. ഏതാനും ഉദാഹരണം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം | പേര് |
|---|---|
| S0154/16 | ഭണ്ഡാരപടി നന്ദിയേടത്ത്പടി റോഡ് റീ ടാറിംഗ് |
| S0079/16 | വെട്ടിമറ്റത്തിൽ താഴം പെരുവംമുഴി റോഡ് റീ ടാറിംഗ് |
| S0091/16 | കോട്ടപ്പുറംകൈലോലി കനാൽ ബണ്ട് റോഡ് റീ ടാറിംഗ് |

2) ബിറ്റുമിന്റെ വില 41000/ ടൺ (VG30), 50600/ ടൺ (VG10) രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മാർക്കറ്റ് നിരക്ക് ഇതിലും കുറവാണ്. യഥാർത്ഥത്തിൽ ചെലവായ തുക (ബിൽ പ്രകാരമുള്ള തുക) യാണ് കൺവീനർ / കരാറുകാർക്ക് നൽകേണ്ടത്. എന്നാൽ യഥാർത്ഥത്തിൽ ചെലവായ തുകയല്ല (ബിൽ പ്രകാരമുള്ള തുക) കൺവീനർ /കരാറുകാർക്ക് നൽകിയത്. ഏതാനും ഉദാഹരണം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം പേര് | ആകെ ഉപയോഗിച്ച ബിറ്റുമിൻ | ബിൽ പ്രകാര മുള്ള തുക | എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക (@ 41000/t.) | അധികം |
|---|---|---|---|---|
| S0173/16 / മംഗളം കവല മനക്കതാഴം റോഡ് റീ ടാറിംഗ് | 1779.8kg (VG10) | 55397 | 72972 | 17575 |

| | | | | |
|---|---|---|---|---|
| S0073/16 / ചിറപാടം ചെട്ടികണ്ടം റോഡ് റീടാറിംഗ് | 3236 kg (VG10) | 102000 | 132676 | 30676 |

ഇക്കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 175000 | വിഭിന്ന ശേഷിക്കാരായവർക്കുള്ള സ്കോളർഷിപ്പ് | 103000 | 72000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | 022627 /7.8.2015 | 34260 | 0 | 34260 |
| ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ, ലി. | പഞ്ചായത്ത് ആഫീസ് ഫർണിഷിംഗ് | 10/ 23.7.15 9219721/ 20.7.15 | 372574+ 312572 | 0 | 372574 312572 |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2015-16 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന നിർമ്മാണം | സ.ഉ.നം. 530 /2010/ ത.സ്വ. ഭവ./18.12.2010 | 1500000 | 417100 | 295629 | 0 | 121471 |

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 4747 /- രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2001-02 | 2(2) | 150 | ശാന്ത | 11502100294 /29.4.2015 |
| 2001-02 | 2(2) | 120 | കെ.എസ്.ജേക്കബ് | 11502100295 /29.4.2015 |
| 2001-02 | 2(4) | 300 | പി.എസ്. അരവിന്ദാക്ഷൻ | 11502100296 /29.4.20157 |
| 2001-02 | 2(4) | 150 | കെ.ആർ.സുധാകരൻ | 11502100297 /29.4.2015 |
| 1994-95 | 4 | 15 | എം.മോഹനൻ | 11502100298 /29.4.2015 |
| 1994-95 | 4 | 15 | കെ.കെ.തങ്കപ്പൻ | 11502100299 /29.4.2015 |
| 1994-95 | 4 | 15 | കെ.കെ.ബഷീർ | 11502100300 /29.4.2015 |
| 1994-95 | 4 | 15 | എം.ടി.ജേക്കബ് | 11502100302 /29.4.2015 |

| | | | | |
|---|---|---|---|---|
| 1994-95 | 4 | 25 | കെ.സതീയമ്മ | 11502100303 /29.4.2015 |
| 1993-94 | 10(c) | 4 | സെക്രട്ടറി | 11502100304 /29.4.2015 |
| 1993-94 | 24 | 16 | ലക്ഷ്മി കുട്ടിയമ്മ | 11502100305 /29.4.2015 |
| 1996-97 | 33 | 232 | ജോർജ് കുട്ടി പോൾ | 11502100306 /29.4.2015 |
| 1996-97 | 34 | 56 | എക്സി.എഞ്ചിനീയർ | 11502100307 /29.4.2015 |
| 2004-05 | 3(6) | 2901 | സ്വപ്ന എ.ഇ. | 11502100308 /29.4.2015 |
| 2008-08 2009-10 2010-11 | 3(12) | 500 | സെക്രട്ടറി | 11502100309 /29.4.2015 |
| 1994-95 | 4 | 3 | സെക്രട്ടറി | 11502100310 /29.4.2015 |
| 1994-95, 95-96 | 8 | 230 | കെ.യു.സാജു | 11502100316 /29.4.2015 |
| ആകെ | | 4747 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3.3 | 2006-07 | 3.47.1 | പൊതുമേഖലാസ്ഥാപനങ്ങളെ ഒഴിവാക്കി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31011266 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44791702 |
| വരവിനങ്ങളിലുള്ള നഷ്ടം | 3194 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 69299 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1364283 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 3194 | - | കെ.ജി.ശ്രീകുമാർ സെക്രട്ടറി |
| 3-7 | - | 12600 | ശ്രീമതി മണി ഒ.എൻ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | - | 4200 | |
| 3-9 | - | 44400 | ശ്രീ കെ.കെ. സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | - | 6767 | ശ്രീ കെ.കെ. സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3194 | 67967 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 964500 | ശ്രീ ജയന്തകുമാർ സെക്രട്ടറി |
| 3-4 | 25000 | ശ്രീ പ്രസാദ് കെ.ആർ. അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 174783 | ശ്രീ പി.സി.രവി , ഹെഡ് മാസ്റ്റർ, GLPS |

| | | |
|---|---|---|
| 3-8 | 200000 | ഡോ.സൂസൻ മത്തായി ആലുങ്കൽ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 1364283 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1332 | ശ്രീമതി അനിമോൾ കെ. സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ജി.ശ്രീകുമാർ, സെക്രട്ടറി | സെക്രട്ടറി, കുമ്പളം ഗ്രാമപഞ്ചായത്ത് | നന്ദനം ഹൗസ്, അത്തൂർ |
| ശ്രീമതി അനിമോൾ കെ., സെക്രട്ടറി | സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത് | ശിവശൈലംഹൗസ്, പാഴൂർ പി.ഒ. |
| ശ്രീ ജയന്തകുമാർ, സെക്രട്ടറി | സെക്രട്ടറി രാമമംഗലം ഗ്രാമപഞ്ചായത്ത് | അൽശകോടത്ത് മന, കാഞ്ഞിരമറ്റം പി.ഒ |
| പ്രസാദ് കെ.ആർ. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, രാമമംഗലം ഗ്രാമപഞ്ചായത്ത് | കൊള്ളിക്കാട്ടിൽ ഹൗസ്, പാമ്പാക്കുട പി.ഒ. |
| ശ്രീ കെ.കെ. സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു. | കരീപ്പറമ്പിൽ ഹൗസ്, പെരിങ്ങോൾ , കോലഞ്ചേരി |
| ഡോ.സൂസൻ മത്തായി ആലുങ്കൽ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ലഭ്യമാക്കിയില്ല | മൂത്തേരിൽ, പാങ്ങോട് പി.ഒ. |
| ശ്രീ പി.സി.രവി , ഹെഡ് മാസ്റ്റർ, GLPS | ഹെഡ് മാസ്റ്റർ, GLPS,രാമമംഗലം | പുളിന്താനത്തിക്കുടി ഹൗസ്, രാമമംഗലം |
| ശ്രീമതി മണി ഒ.എൻ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. പ്രൊജക്റ്റ് ഓഫീസർ, പാമ്പാക്കുട | കിഴിക്കേട്ടുക്കുഴി, കിഴുമുറി പി.ഒ. |
| ശ്രീമതി അഞ്ചു കൃഷ്ണ കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പാമ്പാക്കുട | കൃഷ്ണശ്രീ ഹൗസ്, ചോറ്റാനിക്കര |
| ശ്രീമതി സിനു പോൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലഭ്യമാക്കിയില്ല | ഇട്ടുണിക്കൽ ഹൗസ്, കിങ്ങിണിമറ്റം പി.ഒ. |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.3)810/99/6.6.98 | |
| 1997-98 | എൽ.എഫ്.ഇ.(പി.3)810/99/29.6.2000 | |
| 1998-99 | എൽ.എഫ്.ഇ.(പി.3)1161/00/23.3.2001 | |
| 2002-03 | എൽ.എഫ്.ഇ.(പി.3)1133/05/30.6.2006 | |
| 2006-07 | എൽ.എഫ്.ഇ.(പി.1)1736/07/8.8.2008 | |
| 2007-08 | എൽ.എഫ്.ഇ.(പി.3)1396/08/15.4.2009 | |
| 2008-09, 09-10, 10-11 | എൽ.എഫ്.ഇ.(പി.2)1295/1/15.12.2006 | |
| 2011-12, 12-13 | എൽ.എഫ്.ഇ.(പി.9) 697/14/26.06.2014 /25.08.2014 | |
| 2013-14 & 2014-15 | എൽ.എഫ്.ഇ.(പി.9)961/2016/28.6.2016 | |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ട താണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, കാക്കനാട് 682030

കെ.എസ്.എ-ഇ.കെ.എം(പി9)2045/2016

ഫോൺ. 0484-2422271
email.doekm.ksad@kerala.gov.in
തീയതി. 7.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

# ANNEXURE I

AUDIT CERTIFICATE

Kerala State Audit Department,
District Audit Office, Ernakulam,
Kakakkanad – 682030
Phone . 0484-2422271
email.doekm.ksad@kerala.gov.in

KSA-EKM(P9)2045/2016

Date: 7.12.2016

Certified that I have audited the Annual Financial Statement of Ramamangalam Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ramamangalam Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)